(സി) 62 ഒഴിവുകൾ. ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഫാർമസി കോളേജുകളുടെ പ്രവർത്തനം

157 (3086)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫാർമസി കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ സ്വകാര്യ മേഖലയിൽ എത്ര; സർക്കാർ ഉടമസ്ഥതയിൽ ഏതൊക്കെ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ കോളേജുകളിൽ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ എപ്രകാരമാണ്; സർക്കാർ സർവ്വീസിലെ ശമ്പള നിരക്കാണോ ഇവർക്ക് നല്കുന്നത്;

(സി) ഫാർമസി കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പളഘടന എപ്രകാരമാണ്; ഈ ശമ്പളം എന്നാണ് അവസാനമായി പുതുക്കിയത്;

(ഡി) സംസ്ഥാനത്ത് പുതിയതായി ഫാർമസി കോളേജുകൾ തുടങ്ങുന്നതിന് നിർദ്ദേശമുണ്ടോ;

(ഇ) തൃശൂർ മെഡിക്കൽ കോളേജിൽ പുതിയ ഡി.ഫാം കോഴ്സ് ആരംഭിക്കുന്നതിന് നടപടി എടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 21 ഫാർമസി കോളേജുകളുണ്ട്. ഇവയിൽ 5 എണ്ണം സർക്കാർ മേഖലയിലും 16 എണ്ണം സ്വകാര്യ മേഖലയിലുമാണ്.

(ബി) എല്ലാ ഫാർമസി കോളേജ് അദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിർദ്ദേശിക്കുന്നപ്രകാരമാണ് നടപ്പിലാക്കേണ്ടത്. എന്നാൽ ഈ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല.

(സി) സർക്കാർ മേഖലയിലെ ഫാർമസി കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പളഘടന താഴെപ്പറയും പ്രകാരമാണ്.

പ്രൊഫസർ	Rs. 4500-7300
അസോസിയേറ്റ് പ്രൊഫസർ	Rs. 3700-5700
അസിസ്റ്റന്റ് പ്രൊഫസർ	Rs. 3000-5000
ലക്ചറർ	Rs. 2200-4000

30.3.91-ലെ സർക്കാർ ഉത്തരവ് (പി) നം: 73/91/ആ. കു.വ. പ്രകാരം 1.4.90 മുതലാണ് അവസാനമായി ശമ്പളം പുതുക്കിയത്.

(ഡി) പുതിയ ഫാർമസി കോളേജ് തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡി.ഫാം കോഴ്സ് തുടങ്ങുന്നതിനുള്ള കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) സാമ്പത്തിക ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly